**ഇരിക്കൂർ മണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിലെ സ്ഥാപനങ്ങൾ**

137(5296) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഇല്ല. ജില്ലാ വ്യവസായ കേന്ദ്രത്തിനുകീഴിൽ ഇരിക്കൂർ മണ്ഡലത്തിൽ താഴെപ്പറയുന്ന 4 പഞ്ചായത്തിലും 1 മുനിസിപ്പാലിറ്റിയിലും ഓരോ സ്കിൽ ഡെവലപ്പ്മെന്റ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. ഇരിക്കൂർ ഗ്രാമ പഞ്ചായത്ത്,

2. ആലക്കോട് ഗ്രാമ പഞ്ചായത്ത്,

3. ചെങ്ങളായി ഗ്രാമ പഞ്ചായത്ത്,

4. ഉളിക്കൽ ഗ്രാമ പഞ്ചായത്ത്,

5. ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റി. മേൽ സൊസൈറ്റികൾ പൂർണ്ണമായി പ്രവർത്തന സജ്ജമായിട്ടില്ല.

(സി) പ്രസ്തുത സ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

സ്കിൽ ഡെലപ്പ്മെന്റ് മൾട്ടിപർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് 2 ലക്ഷം രൂപ ധനസഹായം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. ടി പദ്ധതി വഴി നടപടികൾ സ്വീകരിച്ചുവരുന്നു.

**കുട്ടനാട്ടിലെ വ്യവസായ സംരംഭങ്ങൾ**

138(5297) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ സുലഭമായി ലഭിക്കുന്ന നെല്ല്, കായൽ മത്സ്യം, താറാവ് എന്നിവയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

കുട്ടനാട്ടിൽ ലഭ്യമാകുന്ന നെല്ല്, കായൽ മത്സ്യം, താറാവ് എന്നിവയിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ വ്യവസായ വകുപ്പിനുകീഴിൽ നിലവിലുള്ള വിവിധ പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly